**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **12-12-2022 - ൽ മറുപടിയ്ക്ക്**

**വനിതാ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്; | (എ) | സംസ്ഥാനത്ത് 549 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നത് എന്നാണ്; എത്ര വനിത പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്; | (ബി) | 27.10.1973-ലാണ് ആദ്യത്തെ വനിതാ പോലീസ് സ്റ്റേഷൻ നിലവിൽ വന്നത്. ഏറ്റവും അവസാനം 2019 ൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ നാല് റവന്യൂ ജില്ലകളിൽ തസ്തികയുൾപ്പെടെ അനുവദിച്ചിട്ടുണ്ട്. നിലവിൽ 14 വനിതാ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു വനിതാ ബറ്റാലിയനും ആരംഭിച്ചു. |
| (സി) | സംസ്ഥാന പോലീസ് സേനയുടെ ആകെ അംഗബലം എത്രയാണ്; ഓരോ തസ്തികയിലെയും പുരുഷ വനിത പോലീസുകാരുടെ എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ; സംസ്ഥാന പോലീസ് സേനയുടെ അംഗബലത്തിന്റെ എത്ര ശതമാനമാണ് വനിതാ പോലീസ് സേന അംഗങ്ങൾ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാന പോലീസ് സേനയിലെ ആകെ അംഗബലം 56,620 ആണ്. സിവിൽ പോലീസ് ഉദ്യോഗസ്ഥരിൽ പുരുഷ വനിതാ പോലീസുകാരുടെ വേർതിരിച്ചുള്ള എണ്ണം, പോലീസ് സേനയുടെ അംഗബലത്തിന്റെ എത്ര ശതമാനമാണ് വനിതാ പോലീസ് സേനാംഗങ്ങൾ എന്നീ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | അധികാരപരിധിയുടെ വിസ്തൃതി, കൈകാര്യം ചെയ്യുന്ന കേസുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും വനിതാ പോലീസ് സ്റ്റേഷനുകളും മറ്റു പോലീസ് സ്റ്റേഷനുകളും തുല്യനിലയിൽ ആണോ പ്രവർത്തിക്കുന്നത്; | (ഡി) | വനിതാ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി മറ്റ് പോലീസ് സ്റ്റേഷനുകളിൽ നിന്നും വ്യത്യസ്തമാണ്. സ്ത്രീകൾ ഇരകൾ ആകുന്ന പരാതികളും, കേസുകളും വനിതാ പോലീസ് സ്റ്റേഷനിൽ കൈകാര്യം ചെയ്യുന്നു.<br><br>സാധാരണ പോലീസ് സ്റ്റേഷനുകളെ അപേക്ഷിച്ച് ഒരു ജില്ലയിലെ വനിതാ പോലീസ് സ്റ്റേഷന്റെ അധികാര പരിധി ജില്ലയുടെ മുഴുവൻ ഭാഗവും ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭൗതിക സൗകര്യം ഒരുക്കുന്നതിൽ എല്ലാ പോലീസ് സ്റ്റേഷനുകളെയും ഒരു പോലെയാണ് പരിഗണിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കേസ് അന്വേഷണത്തിന്റെ ചുമതല വനിതാ പോലീസ് സ്റ്റേഷനുകൾക്കും തുല്യ നിലയിൽ നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. വനിതാ പോലീസ് സ്റ്റേഷനിലേക്ക് ചില കേസുകൾ അന്വേഷണത്തിന് കൈമാറുകയും, നേരിട്ട് നിയമിതയായ വനിതാ എസ്.ഐ.യ്ക്ക് വനിതാ പോലീസ് സ്റ്റേഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വനിതാ വനിതാ പോലീസ് സ്റ്റേഷനുകൾ ഈ ഉത്തരവാദിത്തം ഏറ്റെടുക്കാൻ പ്രാപ്തമാകണം എന്നാണ് ലക്ഷ്യം വയ്ക്കുന്നത്. |
| (ഇ) | എങ്കിൽ എന്തൊക്കെ അധികാരങ്ങളുടെയും ഭൗതിക സൗകര്യങ്ങളുടെയും കാര്യത്തിലാണ് വനിതാ പോലീസ് സ്റ്റേഷനുകളും മറ്റ് പോലീസ് സ്റ്റേഷനുകളും വ്യത്യസ്തത പുലർത്തുന്നത്; | (ഇ) | ഡി പിരിവിൽ ചേർത്തിട്ടുണ്ട്. |
| (എഫ്) | വനിതാ പോലീസ് സ്റ്റേഷനുകളിൽ മറ്റ് പോലീസ് സ്റ്റേഷനുകളിൽ ഉള്ളതുപോലെ പോലീസ് വാഹനങ്ങളുടെയും ഡ്രൈവറുടെയും സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ അവ ലഭ്യമാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തസ്തിക | പുരുഷന്മാർ | വനിതകൾ | വനിതകളുടെ ശതമാനം |
|---|---|---|---|
| DySP | 289 | 1 | 0.34 |
| IoP | 666 | 26 | 3.75 |
| SI | 2020 | 131 | 6.09 |
| ASI | 2061 | 3 | 0.14 |
| SCPO | 7734 | 171 | 2.16 |
| CPO | 24526 | 3191 | 11.51 |
| Bn Hav | 1237 | 20 | 1.59 |
| Bn PC | 7180 | 795 | 9.96 |

സെക്ഷൻ ഓഫീസർ